# കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ്, എറണാകുളം.

ജി5-17644-16 തീയതി-31.8.2016

## സർക്കുലർ നമ്പർ 8/2016-17

വിഷയം-കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ്-
സ്കാറ്റേർഡ് വിഭാഗംതൊഴിലാളികളുടെ മിനിമം പെൻഷൻ
വർദ്ധിപ്പിച്ച് അനുവദിക്കുന്നത് സംബന്ധിച്ച്

സൂചന-1.6.8.2016 തീയതിയിലെ 129/2016/തൊഴിൽ നമ്പർ ഉത്തരവ്
2.31.8.2016 ൽ ബഹു.ബോർഡ് ചെയർമാൻ അവർകളുടെ അദ്ധ്യക്ഷതയിൽ
ചേർന്ന യോഗ തീരുമാനം.

6.8.2016 തീയതിയിലെ 129/2016/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട എല്ലാ ക്ഷേമനിധി പെൻഷനുകളും 1.6.2016 മുതൽ പ്രതിമാസം 1000/- രൂപയാക്കി വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്.ഈ സാഹചര്യത്തിൽ തൊഴിൽ വകുപ്പിന് കീഴിലെ കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡിലെ സ്കാറ്റേർഡ് വിഭാഗം തൊഴിലാളികളുടെ പെൻഷൻ 1000/- രൂപയായി വർദ്ധിപ്പിച്ച് ഉത്തരവാകുന്നു.

ബഹു.ബോർഡ് ചെയർമാന്റെ നിർദ്ദേശപ്രകാരം 2016 ജൂൺ, ജൂലൈ, ആഗസ്ത് മാസങ്ങളിലെ പെൻഷൻ ഓണത്തോടനുബന്ധിച്ച് വിതരണം ചെയ്യുന്നതിനായി താഴെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. 2016 മെയ് വരെയുള്ള പെൻഷൻ കുടിശ്ശിക നിലനിർത്തി 2016 ജൂൺ, ജൂലൈ,ആഗസ്ത് മാസങ്ങളിലെ പെൻഷൻ തുക ഓണത്തോടനുബന്ധിച്ച് വിതരണം ചെയ്യേണ്ടതാണ്.

2. പെൻഷൻ വിതരണം ചെയ്യുന്നതിന് ആവശ്യമായ തുക സ്കാറ്റേർഡ് ജനറൽ വെൽഫെയർഫണ്ടിൽനിന്നോ ഡി.സി.ആർ.ബി ഫണ്ടിൽ നിന്നോ ആയതിൽ ലഭ്യമല്ലെങ്കിൽ അൺ അറ്റാച്ച്ഡ് ഫണ്ടിൽ നിന്നോ ചിലവഴിക്കേണ്ടതും പിന്നീട് ബോർഡിൽ നിന്ന് റീ ഇമ്പേഴ്സ് ചെയ്ത് വാങ്ങേണ്ടതു മാണ്.

3. പെൻഷൻ വിതരണം സംബന്ധിച്ചുള്ള അറിയിപ്പ് ചെയർമാൻ തൊഴിലാളികൾക്ക് നൽകേണ്ടതും അവശരായ തൊഴിലാളികൾക്ക് പെൻഷൻ വിതരണം ചെയ്യാൻ നടപടി സ്വീകരിക്കേണ്ടതുമാണ്. ഓണത്തിന് മുമ്പായി പെൻഷൻ വിതരണം ചെയ്തുവെന്ന് കമ്മിറ്റികൾ ഉറപ്പുവരുത്തേണ്ടതുമാണ്.

4. പെൻഷൻ വിതരണം ചെയ്യുന്നത് സംബന്ധിച്ച് മറ്റു നിബന്ധനകൾക്ക് മാറ്റമുണ്ടാകുന്നതല്ല.

5 ഈ സർക്കുലർ ലഭിച്ചതിനുള്ള മറുകുറി എല്ലാ ചെയർമാൻമാരും മടക്കത്തപാലിൽ അറിയിക്കേണ്ടതാണ്.

ചീഫ് എക്സിക്യൂട്ടീവ്.

// ആജ്ഞാനുസരണം//

സൂപ്രണ്ട്